പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 703 29-06-2011-ൽ മറുപടിയ്ക്ക്

## സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.ബി. അബ്ദുൾ റസാക്ക്: | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | (എ) കേരളത്തിലെ യുവജനങ്ങളുടെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യമിട്ട് കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>1. കേരളോത്സവം<br>2. സാഹസിക പരിപാടികൾ<br>3. യുവശക്തി<br>4.എംപ്ലോയ്മെന്റ്പ്രോഗ്രാം ഇൻഫർമേഷൻ സെന്റർ & യുത്ത് സർവ്വീസസ് (ജാലകം)<br>5. യൂത്ത് ഫോറം<br>6. വിവിധ ബോധവത്കരണ പരിപാടികൾ<br>7. നാഷണൽ ഇന്റഗ്രേഷൻ പ്രോഗ്രാം<br>8. യൂത്ത് ഹോസ്റ്റൽ<br>9. യുവ അതിഥി മന്ദിരം<br>10.കൗമാര പ്രായക്കാരുടെ ശാക്തീകരണം, സനാഥബാല്യം പദ്ധതി |

11. ഇന്റർ നാഷണൽ യൂത്ത് എക്ചേഞ്ച് പ്രോഗ്രാം

12. എക്സിബിഷൻ ഫോർ യൂത്ത്

13. സ്വയം തൊഴിൽ പരിശീലനം

14. യുവനേതൃത്വ പരിശീലന ക്യാമ്പ്

15. മാധ്യമ പ്രവർത്തക ക്യാമ്പ്

16. നാടൻ കലകളിലുള്ള പരിശീലനം

17. യുവകർമ്മ സേന

18. യൂത്ത് അവാർഡ്

19. വനിതാ ക്ലബുകൾ

20. ട്രൈബൽ യൂത്ത് സെന്റർ

21. ആദിവാസി കലാമേളകൾ/നാടൻ കലാമേളകൾ

22. ട്രെയിനിംഗ് ഫോർ യൂത്ത്

23. ദൃശ്യ മാധ്യമ പരിശീലനം

24. യൂത്ത് ക്ലബുകൾക്ക് സഹായം

(ബി) യുവജന ക്ഷേമബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) യുവജന ക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി യൂത്ത് വെൽഫയർ ബോർഡ് സ്റ്റാറ്റ്യൂട്ടറിയായി പുന:സംഘടിപ്പിക്കാനും, ഇവയുടെ പ്രവർത്തനം ഗ്രാമ തലങ്ങളിലേക്ക് വ്യാപിപ്പിക്കാനും ഉദ്ദേശമുണ്ട്. കൂടാതെ, യുവാക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി ജുഡീഷ്യൽ അധികാരത്തോടുകൂടിയ യൂത്ത് കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. തദ്ദേശ സ്വയം

[illegible] ണത്തോടെ നടപ്പിലാക്കി വരുന്ന യുവശക്തി പദ്ധതിയുടെ ഭാഗമായി ആരംഭിച്ച യൂത്ത് സെന്ററുകളെ ഗ്രാമീണ ജനങ്ങൾക്ക് ആവശ്യമുള്ള വിവരവും സഹായവും ലഭിക്കുന്ന കേന്ദ്രങ്ങളാക്കാനുള്ള നടപടി സ്വീകരിക്കുന്നതിനും ഉദ്ദേശിക്കുന്നു.

(സി) യൂത്ത് സെന്ററുകൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(സി) കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന യുവശക്തി പദ്ധതിയുടെ ഭാഗമായ യൂത്ത് സെന്ററുകൾ മുഖേന രക്തദാന ഫോറം, ലേബർ ബാങ്ക്, യുവകർമ്മ സേന, കാർഷിക ക്ലബ്ബുകൾ, കാർഷിക ബോധവത്കരണ പരിപാടികൾ, കലാമേളകൾ, കേരളോത്സവം തുടങ്ങിയവ നടത്തി വരുന്നു. കൂടാതെ പഞ്ചായത്ത് ബ്ലോക്ക് തല യുവശക്തി പ്രവർത്തനങ്ങളും മറ്റ് യുവജന ക്ഷേമ പ്രവർത്തനങ്ങളും തനതു പരിപാടികളും ജില്ലാ യൂത്ത് സെന്ററുകൾ ഏകോപിപ്പിക്കുകയും നേതൃത്വം നൽകുകയും ചെയ്യുന്നു.

(ഡി) യുവജന ക്ലബ്ബുകൾക്ക് ഇപ്പോൾ സാമ്പത്തിക സഹായം നൽകിവരുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

(ഡി) യുവജന ക്ലബ്ബുകൾക്ക് സ്വയം തൊഴിൽ പരിശീലനം, ബോധവത്കരണം, കാർഷിക വികസന പദ്ധതികൾ എന്നിവയ്ക്കായി ബോർഡിൽ നിന്നും ധനസഹായം നൽകി വരുന്നുണ്ട്.

2009-10-ൽ സ്വയം തൊഴിൽ പരിശീലനത്തിനായി 141 ക്ലബ്ബുകൾക്കും ബോധവൽക്കരണ പരിപാടിക്കായി 93 ക്ലബ്ബുകൾക്കും കാർഷിക വികസന പദ്ധതിക്കായി 60 ക്ലബ്ബുകൾക്കും ധനസഹായം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.